# അക്കാദമിക് മാസ്റ്റർ

## പ്ലാൻ 2025 - 26




## ജി.എൽ.പി.എസ്.വടക്കേമണ്ണ

# ആമുഖം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ സംരക്ഷണ വും, സമഗ്ര ഗുണമേന്മ പദ്ധതി യും മുന്നേറിക്കൊണ്ടിരിക്കുകയാണല്ലോ. ഉയർന്ന അക്കാദമിക നിലവാരം , ഭൗതീക സൗകര്യം, സാമൂഹിക പങ്കാളിത്തം , ഇവ കുട്ടിയുടെ സർവതോന്മുഖമായ വികസനത്തിന് അവശ്യ ഘടകങ്ങളാണ് . ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിന് സമഗ്രവികസന കാഴ്ച്ചപ്പാടുമായി പി. ടി. എ സഹകരണത്തോടെ പ്രവർത്തന പദ്ധതിക ൾ രൂപീകരിച്ചുണ്ടാക്കിയതാണ് ഈ വിദ്യാലയത്തിന്റെ സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതി.

നിലവിലുള്ള ആസൂത്രണ രേഖകൾ വിലയിരുത്തി, സാഹചര്യങ്ങൾ പരിഗണിച്ച് ,വരാനിരിക്കുന്ന കുട്ടിയെ മുന്നിൽകണ്ട്, വിദ്യാലയ പുരോഗതിക്കായി പൂർത്തീകരിച്ചതാണ് ഈ അക്കാദമിക്മാസ്റ്റർപ്ലാൻ

# ജി.എൽ.പി.എസ്.വടക്കേമണ്ണ

# അടിസ്ഥാന വിവരങ്ങൾ

വിലാസം : കോഡൂർ പി ഒ, മലപ്പുറം 676504

സ്കൂൾ കോഡ് : 18444

റവന്യൂ ജില്ല : മലപ്പുറം

വിദ്യാഭ്യാസ ജില്ല : മലപ്പുറം

വിദ്യാഭ്യാസ ഉപജില്ല : മലപ്പുറം

ഉടമസ്ഥത : ഗവൺമെന്റ്

ബി.ആർ.സി : മലപ്പുറം

സി.ആർ.സി : വടക്കേമണ്ണ

ലോക്സഭ മണ്ഡലം : മലപ്പുറം

നിയമ സഭ മണ്ഡലം : മലപ്പുറം

ജില്ലാ പഞ്ചായത്ത് : മലപ്പുറം

ബ്ലോക്ക് പഞ്ചായത്ത് : മലപ്പുറം

ഗ്രാമ പഞ്ചായത്ത് : കോഡൂർ

താലൂക്ക് : പെരിന്തൽമണ്ണ

വില്ലേജ് : കോഡൂർ

വാർഡ് : 2 വടക്കേമണ്ണ

ഇ-മെയിൽ : vadakkemannaglps@gmail.com

ഫോൺ നമ്പർ : 0483 22752242

# <u>ലക്ഷ്യങ്ങൾ</u>

- കുട്ടിയെ ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന്റെ ഉയർന്ന തലത്തിൽ തന്നെ എത്തിക്കൽ
- ഓരോ പ്രായത്തിലും കുട്ടികൾ നേടണമെന്നു കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ മികവാർന്ന തലത്തിൽ കുട്ടികൾ നേടി എന്നുറപ്പാക്കുക
- കുട്ടിയുടെ അവകാശം സംരക്ഷിക്കുക
- കടമകൾ കുട്ടിയെ ബോധ്യപ്പെടുത്തുക
- ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുക
- നാട്ടിൽ ലഭ്യമായിട്ടുള്ള വൈദഗ്ധ്യത്തെ മുതൽകൂട്ടാക്കുക
- രക്ഷിതാക്കളിൽ ഗുണമേന്മാവിദ്യാഭ്യാസത്തെക്കുറിച്ച് കാഴ്ച്ചപ്പാട് രൂപീകരിക്കൽ
- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ച്ചപ്പാടിൽ വിദ്യാലയം ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുക
- പ്ലാസ്റ്റിക് മുക്ത ലഹരി മുക്ത ക്യാമ്പസ് യാഥാർഥ്യം ആക്കുക
- വായനശാലകളും ലാബുകളും ആധുനികവൽക്കരിക്കുക
- പിന്നാക്കം നിൽക്കുന്നവരെ പ്രത്യേകം പരിഗണിക്കുക

# വിദ്യാലയചരിത്രം

1952ൽ വടക്കേമെണ്ണ വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. 1980-81 പുതിയ കെട്ടിടത്തിലേക്കു മാറി. കോഡൂർ വില്ലേജിലെ രണ്ടാം വാർഡിൽ 27 സെന്റ് സ്ഥലത്ത് ഇടച്ചുമരുള്ള ക്ലാസ്മുറികളും ഒരു ഓഫീസ് മുറിയും ആയി കെട്ടിടം ഒരുങ്ങി. കിണർ ഉപയോഗ ശൂന്യമായിരുന്നു. ചുറ്റുമതിലില്ലാത്തതിനാൽ സാമൂഹ്യദ്രോഹികളുടെ ശല്യം കൂടുതലായിരുന്നു.

പുതിയ പ്രഥമാദ്ധ്യാപികയുടേയും വാർഡു മെമ്പറുടെയും ശ്രമഫലമായി ചുറ്റുമതിൽ , ഗേറ്റ് എന്നിവ സ്ഥാപിച്ചു. കിണർ ശുചിയാക്കി. പൊതു ടാപ്പ് നിർമിക്കാൻ ഏർപ്പാടാക്കി. 2 മൂത്രപ്പുര 2 ടോയലറ്റ് എന്നിവ ഉണ്ടാക്കി.

എസ്.എസ്.എ 2005-2006 വർഷത്തിൽ കൂടിവെള്ള പദ്ധതി പ്രകാരം ടാപ്പുകൾ നിർമിച്ചു. വിദ്യാലയത്തിൽ വൈദ്യുതി ലഭിക്കുന്നതിലും എസ്. എസ്. എ യുടെ സഹായം ലഭിച്ചിട്ടുണ്ട്. വാർഡു മെമ്പ ർ സി.പി ഷാജിയാണ് വൈദ്യുതികരണം ഉദ്ഘാടനം ചെയ്തത്.

വിദ്യാലയത്തിന്റെ പരിസരത്ത് എസ്.എസ്.എ ക്ലസ്റ്റർ റിസോർസ് സെന്ററിനായി ഒരു ക്ലാസ് മുറി നിർമിച്ചു. ഐ.ടി പഠനത്തിനുവേണ്ടി പഞ്ചായത്ത് ഒരു കമ്പ്യൂട്ട ർ നൽകി.

വർഷകാലത്ത് വെള്ളം കെട്ടി നിന്ന് ചെളി നിറഞ്ഞു സ്കൂൾ മുറ്റം വൃത്തി ഹീനമാകുന്നു. കുട്ടികളുടെ എണ്ണം എന്നും കുറവായിരുന്നു. അധ്യാപകരും പ്രധാനാധ്യാപകരും സഹകരിച്ച് വിദ്യാലയത്തെ ഉയരത്തിലെത്തിക്കാനായി പ്രയത്നിച്ചിട്ടുണ്ട്. ചില വർഷങ്ങളിൽ 100 കുട്ടികൾവരെ ഉണ്ടായിട്ടുണ്ട്. വീണ്ടും കുറയുന്നു. അതിനാൽ അംഗൻവാടി, പ്രീ പ്രൈമറി എന്നിവആരംഭിച്ചു.

2008-2009 വർഷത്തിൽ തറ മണ്ണിട്ടുയർത്തി ഒരു ഓഫീസ് മുറിയും കമ്പ്യൂട്ടർ ലാബുമായി ഒരു ടെറസ് കെട്ടിടം നിർമിക്കുകയും എം.എൽ. എ ആയ ശ്രീ ഉബൈദുല്ല ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

സമ്പൂർണ ശുചിത്വ പദ്ധതി പ്രകാരം സച്ചാ ർ കമ്മിറ്റി ശുപാർശ അനുസരിച്ച് ഒരു യൂണിറ്റ് ഗേൾ ഫ്രണ്ട്‌ലി ടോയലറ്റ് നിർമിച്ചു. 2013 ലാണ് മുസ്ലിം കലണ്ടർ മാറ്റി ജനറൽ കലണ്ട ർ ആയത്.

2015 ലാണ് അടുക്കള പുതുക്കിപ്പണിതത്. 2016 ൽ വർഷകാലത്തെ പ്രശ്നത്തിനു പരിഹാരമായി മുറ്റം ഇന്റർലോക്ക് പതിച്ചു.

കോടൂർ ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചാണ് ഇത് സാധിച്ചത്. കെട്ടിനിൽക്കുന്ന വെള്ളം പുറത്തു കളയാൻ ഒരു ഓടയും നിർമിച്ചു.

2017 ൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഓടിട്ട കെട്ടിടത്തിന്റെ മേൽക്കൂര പുതുക്കി പണിതു. തറയായികിടന്നിരുന്ന സ്റ്റേജി ന്റെ മേൽക്കൂരയുടെ നിർമാണം പൂർത്തിയാക്കി. പഞ്ചായത്തി ന്റെയും എസ്.എസ്. എ യുടെയും സഹകരണം കൊണ്ടാണ് ഈ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യം ഇത്രയേറെ മെച്ചപ്പെട്ടത്.

# അക്കാദമിക വിജയം

1952 ൽ സ്ഥാപിതമായ ഈ വിദ്യാലയം എന്നും പഠനത്തിലും പഠനേതര പ്രവർത്തനങ്ങളിലും മുന്നിൽത്തന്നെ ആയിരുന്നു. സബ്ജില്ലാ തല മത്സരങ്ങളിൽ-ശാസ്ത്ര, കലാ,കായിക മേളകളിൽ എല്ലാ വർഷവും കുട്ടികളെകൊണ്ടുപോകുകയും മികച്ച സ്ഥാനം കരസ്ഥമാക്കുകയും ചെയ്തിരുന്നു. പഞ്ചായത്ത് മേളകളിൽ ജനറൽ, അറബിക് വിഭാഗങ്ങളിൽ ഓവറോൾ വിജയവും നേടിയിട്ടുമുണ്ട്.

എൽ.എസ്.എസ് മത്സര പരീക്ഷകളിൽ കുട്ടികളെ പരീക്ഷ എഴുതിക്കുകയും എല്ലാ വർഷങ്ങളി ലും സ്കോളർഷിപ്പ് നേടുകയും ചെയ്തിട്ടുണ്ട്. സി.ആർ. സി സംഘടിപ്പിച്ച കഥാ രചനയിലും ക്വിസ്മത്സരത്തിലും കുട്ടികൾ ഒന്നാംസ്ഥാനം നേടിയിട്ടുണ്ട്. സംഘടനകൾ നടത്താറുള്ള ക്വിസ് മത്സരങ്ങളിലും സ്ഥാനം നേടിയിട്ടുണ്ട്. ഈ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം കുറവായിരുന്നെങ്കിലും ഏതു മത്സരങ്ങളിലും കഴിവുള്ള കുട്ടികളുടെ അവസരങ്ങ ൾ അധ്യാപകർ ഒരിക്കലും നഷ്ടപ്പെടുത്താറില്ല.

## എഴുപതാരവം 2023

സ്ക്കൂളിന്റെ എഴുപതാം വാർഷികം വിപുലമായ കലാപരിപാടിളോടെ നടത്തി. പരിപാടികളുടെ ഭാഗമായി ഗേറ്റ് നവീകരണവും ടോയ്ലറ്റ് നവീകരണവും കോഡൂർ ഗ്രാമ പഞ്ചായത്ത് സ്ക്കൂളിന് അനുവദിച്ചു. നാട്ടുകാരുടേയും അദ്ധ്യാപകരുടേയും സഹായത്താൽ വിദ്യാലയത്തിൽ ഒരു ഐ ടി ലാബും നിർമ്മിച്ചു.

# പരിമിതികൾ

- ആകർഷകമായ വിധത്തിൽ പൂന്തോട്ടം നിർമിക്കാൻ സ്ഥല സൗകര്യമില്ല.
- കൃഷി ചെയ്യുന്നതിന് ഗ്രോ ബാഗ്, പൂച്ചട്ടി എന്നിവ ആശ്രയിക്കേണ്ടി വരുന്നു. ഔഷധ തോട്ടം വിപുലീകരിക്കാൻ കഴിയുന്നില്ല.
- ലൈബ്രറി നവീകരണത്തിനും ലാബ് സജ്ജീകരണത്തിനും പ്രത്യേക മുറികളില്ല.
- ഓഡിറ്റോറിയം, ഭക്ഷണശാല എന്നിവ നിർമിക്കാൻ വിദ്യാലയത്തിന്റെ മുറ്റത്ത് സ്ഥലമില്ല.
- മത്സരപ്പരീക്ഷകളിൽ കുട്ടികൾ വേണ്ടത്ര വിജയം കൈവരിച്ചിട്ടില്ല.
- അമ്മ വായന വേണ്ടത്ര വിജയിച്ചിട്ടില്ല.
- കായിക പരിശീലനത്തിന് വിശാലമായ കളിസ്ഥലം ഒരുക്കാൻ 27 സെന്റ് സ്ഥലത്ത് സാധ്യമല്ല.
- ഇങ്ങനെ ഒരുപാട് പരിമിതികളോടെയാണ് വിദ്യാലയം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

- ഭാഷാ ശേഷി  # വായന
- ലൈബ്രറി ശാക്തീകരണം  # ഫീൽഡ് ട്രിപ്പ്
- പഠന യാത്ര  # കലാ കായികം
- ഐ. ടി പരിശീലനം  # സ്പോക്കൺ
- ഇംഗ്ലീഷ് ഒന്നാം ക്ലാസ് ഒന്നാം തരം  # ശുചീകരണം
- ശാസ്ത്ര പഠനം  # ഭവന സന്ദർശനം

# <u>മലയാളം</u>

**ഭാഷാ ശേഷി :-**

ഭാഷാ കേളി

വായനാ മൂല

മലയാളം ടൈപ്പിങ്

**സർഗാത്മകം** :-

കഥാ ശിൽപശാല

കവിതാ ശിൽപശാല

സാഹിത്യ മാസിക

സാഹിത്യ സമാജം

**ലൈബ്രറി** :-

'അമ്മ വായന

എ ന്റെ ജന്മദിന സമ്മാനം

വായനാ കുറിപ്പ്

വായനാ മൂല

# <u>ഇംഗ്ലീഷ്</u>

**പാഠ ഭാഗം വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ :-**

സ്കിറ്റ്

ഡ്രാമ

കോൺവർസേഷൻ

ഇംഗ്ലീഷ് ഡയറി

**ഇംഗ്ലീഷ് സ്പീക്കിങ് :-**

ഇംഗ്ലീഷ് ഡേ

ഇംഗ്ലീഷ് ഫെസ്റ്റ് ഇംഗ്ലീഷ് അസംബ്ലി

ഹലോ ഇംഗ്ലീഷ്

**ഇംഗ്ലീഷ് കോർണർ :-**

ഇംഗ്ലീഷ് റീഡിങ് കോർണർ

ഇംഗ്ലീഷ് പസിൽ

ഇംഗ്ലീഷ് കാർട്ടൂൺ

# അറബിക്

**അറബിക് ലോകം :-**

അറബിക് കോർണർ

അറബിക് ചിത്ര കഥകൾ

കുട്ടി കവിതകൾ

ടോപ് സ്പീക്കർ അറബിക്

**അറബി നിഘണ്ടു :-**

പദവും അർത്ഥവും

പദവും ചിത്രവും

പദവും വ്യാഖ്യാനവും

**സർഗ്ഗാവസരങ്ങൾ :-**

അറബി കുട്ടി കവിതകൾ

അറബി കഥകൾ

അറബി സംഭാഷണം

അറബി പതിപ്പ്

# ഗണിതം

**ഗണിത കളികൾ :-**

ജിയോജിബ്രാ സോഫ്റ്റ് വെയർ

കുസൃതി കണക്ക്

ഗണിത പസിൽ

പാമ്പും കോണിയും

**അളവുകളും തൂക്കങ്ങളും :-**

ക്ലാസിൽ ഒരു കട

നോട്ടും ചില്ലറയും കളി

ചുറ്റളവ് കണ്ടുപിടിക്കൽ

**ജാമിതീയ രൂപങ്ങൾ :-**

ടാൻ ഗ്രാം

രൂപ നിർമാണം

ക്ലാസിലെ രൂപങ്ങൾ

ചിത്രം വര

**ഗണിത ലാബ് :-**

ഗണിത മൂല

പസിൽ ശേഖരം

ഗണിത കളികൾ

# പരിസര പഠനം

**രസകരം ശാസ്ത്രം :-**

ശിൽപശാല

ക്വിസ്സ്

ആൽബം നിർമാണം

ശാസ്ത്ര പരീക്ഷണങ്ങൾ

**ശാസ്ത്ര ലാബ് :-**

ശാസ്ത്ര മൂല

പരീക്ഷണ ഉപകരണങ്ങൾ

ശാസ്ത്ര ചാർട്ടുകൾ

ശാസ്ത്ര മാസികകൾ

**ശാസ്ത്ര ലാബ് :-**

ശാസ്ത്ര മൂല

പരീക്ഷണ ഉപകരണങ്ങൾ

ശാസ്ത്ര ചാർട്ടുകൾ

ശാസ്ത്ര മാസികകൾ

**ഔഷധത്തോട്ടം :-**

ഔഷധ സസ്യങ്ങൾ

സസ്യങ്ങളുടെ പേരെഴുതി തൂക്കൽ

വേലി കെട്ടി തിരിക്കൽ

വളർച്ചാ ചാർട്ട്

ഉപയോഗം

**പച്ചക്കറി കൃഷി :-**

ഗ്രോ ബാഗ് കൃഷി

ടെറസിൽ കൃഷി

വിഷ രഹിത പച്ചക്കറികൾ

**പോഷകാഹാരം :-**

രക്ഷിതാക്കളെ ഉൾപ്പെടുത്തി കൃഷി ചെയ്യൽ

ജൈവ പച്ചക്കറി വാങ്ങൽ

പശുവിൻ പാൽ

മുട്ട

തേങ്ങാ ചോറ്

ചിക്കൻ കറി

**കലാ കായികം :-**

കുട്ടികളുടെ താൽപര്യ വിഷയങ്ങൾ കണ്ടെത്തൽ

പരിശീലിപ്പിക്കൽ

അവതരിപ്പിക്കാനുള്ള അവസരം കണ്ടെത്തൽ

# ഉപസംഹാരം

ഗുണ മേൻമയുള്ള വിദ്യാഭ്യാസം സാധാരണക്കാർക്കും ലഭ്യമാക്കാൻ പൊതു വിദ്യാലയങ്ങൾ പര്യാപ്തമാക്കുന്നതിന് ഉപയുകതമായ പ്രവർത്തനങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിദ്യാഭ്യാസ രംഗം സ്വകാര്യവത്കരിക്കുന്നത് തടയാനും കേരളത്തിലെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കാനും സമഗ്രവും ശാസ്ത്രീയവുമായ ഒരു കർമ്മ പദ്ധതിയുടെ തുടക്കമാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. സമഗ്ര ഗുണമേൻമാ പദ്ധതി നടപ്പിലാക്കുന്നതിന് ഇത് ഉപയുകതമാവും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സാംസ്കാരിക പൈതൃകങ്ങളും മൂല്യങ്ങളും കാത്തു സൂക്ഷിക്കുന്നതിനും കുട്ടികളെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കുന്നതിനും ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉപകരിക്കും എന്ന് പ്രതീക്ഷിക്കുന്നു.